**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 457** | **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ നിലവിലെ ആകെ ബിസിനസ് എത്രയെന്ന് അറിയിക്കാമോ; ആയത് മൂന്ന് കൊല്ലം കൊണ്ട് മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | കേരള ബാങ്കിന് 31/03/2021 ലെ കണക്ക് പ്രകാരം 106396.64 കോടി രൂപയുടെ ബിസിനസ്സ് ഉണ്ട്. ഇത് മൂന്ന് വർഷം കൊണ്ട് മൂന്നിരട്ടിയായി വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് ആസൂത്രണം ചെയ്തത് വരുന്നു. |
| (ബി) | ആധുനികീകരണത്തിനും നവീകരണത്തിനും ശേഷവും കേരള ബാങ്ക് മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി ഇടപാടുകാരന്റെ സ്ഥാപനം എന്ന നിലയിൽ നിലവിലുള്ള ജനകീയത നിലനിർത്തുമെന്ന് ഉറപ്പാക്കുമോ; | (ബി) | കേരള ബാങ്ക് ഇടപാടുകാരന്റെ സ്ഥാപനം എന്ന ജനകീയത നിലനിർത്തിക്കൊണ്ട് തന്നെ കൂടുതൽ ജനകീയമായ വായ്പാ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (സി) | കൊവിഡ് അതിജീവനത്തിനായി സർക്കാർ പുതുതായി പ്രഖ്യാപിച്ച തൊഴിൽ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനും കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനും കേരള ബാങ്കിന് പദ്ധതിയുണ്ടോ; | (സി) | കോവിഡ് അതിജീവനത്തിന്റെ ഭാഗമായി കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് 20 ലക്ഷം രൂപ വരെ SHG വായ്പ നൽകി വരുന്നു. കൂടാതെ കാർഷികോത്പന്നാധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുവാനും സൂക്ഷ്മ വ്യവസായ സംരഭ വായ്പയായി 20 ലക്ഷം രൂപ വരെ കുറഞ്ഞ പലിശയിൽ വായ്പ നൽകി വരുന്നുണ്ട്. |
| (ഡി) | തൊഴിലധിഷ്ഠിത പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാരം, കാർഷികോല്പന്നാധിഷ്ഠിത മൂല്യ വർദ്ധിത വ്യവസായം തുടങ്ങിയ മേഖലകളിൽ കൂടുതൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | തൊഴിലധിഷ്ഠിത പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 10 ലക്ഷം രൂപ വരെ സംഘങ്ങളുടെ യോഗ്യതക്കനുസൃതമായി വായ്പ നൽകി വരുന്നുണ്ട്. കൂടാതെ കാർഷികോത്പന്നാധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് 20 ലക്ഷം രൂപ വരെ യോഗ്യതക്കനുസരിച്ച് സംഘങ്ങൾക്ക് വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണ കുറിപ്പ്</u>

കേരള ബാങ്കിന് 31/03/2021 ലെ കണക്ക് പ്രകാരം 106396.64 കോടി രൂപയുടെ ബിസിനസ്സ് ഉള്ളതായും ഇത് മൂന്ന് വർഷം കൊണ്ട് മൂന്നിരട്ടിയായി വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് ആസൂത്രണം ചെയ്തുവരുന്നു. കേരള ബാങ്ക് ഇടപാടുകാരന്റെ സ്ഥാപനം എന്ന ജനകീയത നിലനിർത്തിക്കൊണ്ട് തന്നെ കൂടുതൽ ജനകീയമായ വായ്പാ പദ്ധതികൾ നടപ്പാക്കി വരുന്നു. കോവിഡ് അതിജീവനത്തിന്റെ ഭാഗമായി കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് 20 ലക്ഷം രൂപ വരെ SHG വായ്പ നൽകി വരുന്നു. കാർഷികോത്പന്നാധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുവാനും സൂക്ഷ്മ വ്യവസായ സംരഭ വായ്പയായി 20 ലക്ഷം രൂപ വരെ കുറഞ്ഞ പലിശയിൽ വായ്പ നൽകി വരുന്നുണ്ട്. തൊഴിലധിഷ്ഠിത പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 10 ലക്ഷം രൂപ വരെ സംഘങ്ങളുടെ യോഗ്യതക്കനുസൃതമായി വായ്പ നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ.**